

# ബൈബിൾ ട്രൂത്ത്

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ,നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

Editors

**P. K. VARGHESE** | **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 9** **September 1995** **No. 6**


അവകാശങ്ങൾ നേടിയെടുക്കാനും അവ സംരക്ഷിക്കുവാനും വിവിധരാഷ്ട്രീയ സംഘടനകളും പ്രസ്ഥാനങ്ങളും ജനങ്ങളെ ആഹ്വാനം ചെയ്യുന്നതു സ്വാഭാവികം. എന്നാൽ മതസംഘടനകളും അവയുടെ അദ്ധ്യക്ഷന്മാരും ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുന്നതു വിസ്മയാവഹം തന്നെ. കാരണം മതപരമായ സ്വാതന്ത്ര്യത്തിനോ, വ്യക്തി സ്വാതന്ത്ര്യത്തിനോ അവസരം കൊടുക്കാതെ വിശ്വാസികളെ അടിമത്തചങ്ങലയിൽ തളച്ചിട്ടുകൊണ്ട് ആത്മീയമായി അവരെ നശിപ്പിക്കുകയാണ്. എന്നാൽ ഭൗതികമായി ഇത്തരം ആവേശം ജനങ്ങളിൽ കുത്തിച്ചെലുത്തി അവരെ സമാധാനിപ്പിക്കാനാണ് ഇവർ ചെയ്യുന്നത്. ഇതു ദൈവമുൻപാകെ ക്രൂരവും ശിക്ഷാർഹവുമാണ്. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം അനുസരിക്കുവാനുള്ള അവസരം അവർക്ക് ആദ്യം സംജാതമാകട്ടെ. പിന്നീട് അവകാശങ്ങൾ എല്ലാം ദൈവം നല്കും. ഇതാകട്ടെ ഇന്നത്തെ നമ്മുടെ ഏവരുടേയും ചിന്താവിഷയം.

# ഒരാൾ സ്നാനം ആവശ്യപ്പെടുമ്പോൾ അതു നിരസിക്കാമോ ?

J. C. ചോട്ട്

സുവിശേഷം പ്രസംഗിക്കുവാൻ നമ്മുടെ കർത്താവ് കല്പിച്ചിട്ടുണ്ടെന്നും (മർക്കൊസ് 16: 15-16) അതിൽ അടങ്ങിയിരിക്കുന്ന കല്പനകൾ എന്തെല്ലാമെന്നും ആളുകളെ പ്രബോധിപ്പിക്കുമ്പോൾ ഒന്നോ അതിലധികമോ പേർ സ്നാനം വേണമെന്ന് പറഞ്ഞാൽ അവരുടെ ഇംഗിതം മനസിലാക്കാതെ ഉദ്ദേശം ചോദ്യം ചെയ്യപ്പെടാതെ അതിനു സമ്മതം അരുളാമോ എന്നതാണ് ചോദ്യം. വ്യക്തിപരമായി എനിക്ക് അതിനോടു പൂർണ്ണമായി യോജിക്കാൻ കഴിയുകയില്ല. സ്നാനം ഏല്ക്കുവാൻ പോകുന്ന വ്യക്തി കാര്യങ്ങൾ ശരിയായി മനസിലാക്കിയോ, അവർ ചെയ്യുവാൻ പോകുന്നതെന്താണെന്ന് ബോധ്യം വന്നിട്ടുണ്ടോ? രക്ഷിക്കപ്പെടുവാനും കർത്താവിന്റെ സഭയോട് ചേർക്കപ്പെടുവാനും ആഗ്രഹിക്കുന്ന കർത്താവ് ആ വ്യക്തിയുടെ തുടർന്നുള്ള ജീവിതവും ക്രമപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നുണ്ട്. ചുരുക്കി പറഞ്ഞാൽ ഒരു ഭാഗം മാത്രം നോക്കി നാം അന്തിമ തീരുമാനത്തിൽ എത്തുന്നതു ഉചിതമല്ല എന്നർത്ഥം.

അവരുടെ മനസിൽ എന്താണെന്നോ അവരുടെ ഹൃദയവിചാരങ്ങൾ എന്താണെന്നോ എനിക്ക് അറിഞ്ഞുകൂടാ എന്നത് വാസ്തവമാണ്. പക്ഷെ ചില ചോദ്യങ്ങൾ അവരോടു ചോദിച്ചാൽ അതിനു കിട്ടുന്ന പ്രതികരണം അവരുടെ ഉള്ളിൽ ഉള്ളതു പുറത്തു വരും. ഒന്നുകിൽ അവർ ശരിയായി വചനം പഠിക്കാതെ അല്ലെങ്കിൽ പൂർണ്ണമായി മാനസാന്തരപ്പെടാതെ, അതുമല്ലെങ്കിൽ ക്രിസ്തു ആരാണെന്ന് യഥാർത്ഥത്തിൽ മനസിലാക്കാതെ സ്നാനം ഏറ്റാൽ മാത്രം മതി എന്ന അറിവ് മാത്രമാണ് അവർക്കുള്ളതു

എങ്കിൽ അവർക്കു വീണ്ടും ചില ഉപദേശങ്ങൾ ആവശ്യമാണ് എന്ന് തെളിയിക്കുന്നു. ഞാൻ അവരെ വചനത്തിൽ പഠിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ എല്ലാം ആവർത്തിച്ച് പഠിപ്പിച്ചിട്ടും അവർ അതിനു പൂർണ്ണമായി കീഴ്പ്പെടാൻ ആഗ്രഹിക്കാതെ സ്നാനം ഏല്ക്കുവാൻ മാത്രം മുതിർന്നാൽ പിന്നെ എനിക്ക് സ്നാനം കൊടുക്കാതിരിക്കാൻ മാത്രമെ കഴിയു. ഇങ്ങനെയുള്ളവർക്കു ഞാൻ സ്നാനം കൊടുത്താൽ ദൈവീക ശുശ്രൂഷയെ ഞാൻ വെറും മാനുഷീക പ്രവൃത്തിയാക്കി മാററുകയാണ് ചെയ്യുന്നത്. തന്നെയുമല്ല, കർത്താവിനെ പൂർണ്ണമായി അനുസരിക്കാതെ അവർക്ക് എങ്ങനെ രക്ഷ പ്രാപിക്കാൻ കഴിയും ? തീർച്ചയായും ഇതു ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു പകരം കോപിപ്പിക്കുകയായിരിക്കും ചെയ്യുക.

ഒരാളെ സ്നാനപ്പെടുത്തുന്നതിനു മുൻപ് തിരുവെഴുത്തുകളെ പഠിപ്പിക്കുന്ന വ്യക്തിയായ എനിക്ക് ദൈവത്തോട് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട്, സ്നാനം ആഗ്രഹിച്ചു വരുന്ന വ്യക്തിയോട് ന്യായമായ ചില ചോദ്യങ്ങൾ ചോദിക്കുവാനുള്ള അവകാശം എന്നിലുണ്ട്. ഇതു സംശയ ദൃഷ്ടിയോടെ നോക്കുന്നതുകൊണ്ടല്ല, മറിച്ച് വചനാനുസരണം സ്ഥിരീകരണം നടത്തുക എന്ന കടമ ഞാൻ നിറവേറേറണ്ടതായിട്ടുണ്ട്. ഞാൻ പഠിപ്പിച്ചുകൊണ്ടിരുന്നതു ഗ്രഹിച്ചുവോ എന്ന് അത്തരം ഒരാളോടു ചോദിക്കുന്നതിൽ അപാകതയൊന്നുമില്ല. സ്നാനം അടക്കമാണെന്നും അതു പാപമോചനത്തിനുമാണെന്നു അയാൾ മനസിലാക്കിയാൽ തുടർന്നു ഞാൻ ചോദിക്കുന്ന ചോദ്യം, കർത്താവിന്റെ കല്പന പ്രകാരം വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടുകയും കർത്താവ് ആ വ്യക്തിയെ തന്റെ സഭയോടു ചേർക്കുമെന്നും തൽഫലമായി അയാൾ ക്രിസ്തുവിനെ ധരിക്കുമെന്നും വിശ്വസിക്കുന്നുവോ എന്നതായിരിക്കും. പിന്നീട് സഭയെ സംബന്ധിച്ച് ചോദിക്കും. ഇതു മനസിലാക്കാതെ ഒരാൾ എങ്ങനെ ദൈവത്തെ അനുസരിക്കും ? ഇപ്പോൾ

അയാൾ ഈ കാര്യങ്ങൾ എല്ലാം തിരിച്ചറിയാതിരുന്നാൽ അയാൾക്കു പിന്നീടു പ്രശ്നങ്ങൾ നേരിടും. ഒരാളെ സ്നാനപ്പെടുത്തുന്നതിനു മുൻപ് അയാളെ ശരിയായും പൂർണ്ണമായും പഠിപ്പിക്കേണ്ടതു അത്യാവശ്യമാണ്. രക്ഷക്കുവേണ്ടിയുള്ള കർത്താവിന്റെ നിബന്ധനകൾ ഉൾക്കൊള്ളുവാൻ മനസ്സുണ്ടെങ്കിലല്ലേ അയാൾ സ്നാനം ഏല്ക്കുന്നതുകൊണ്ട് ഫലം ഉണ്ടാവുകയുള്ളു.

സ്നാനമേററശേഷം ജീവിതം എങ്ങനെ നയിക്കേണം എന്നതും അവഗണിക്കാവുന്നതല്ല. വചനപ്രകാരം സ്നാനമേററ ഒരാൾ പിന്നീട് നാമധേയ വിഭാഗങ്ങളിൽ അംഗങ്ങളാകുകയോ അവരുടെ ആരാധനക്കു പോകുകയോ ചെയ്താൽ അതു ദൈവ വ്യവസ്ഥക്കു വിപരീതമാകുന്നു. ദൈവ കല്പനക്കും ദൈവ പരിജ്ഞാനത്തിനും വിധേയമായി മരണപര്യന്തം ജീവിതം നയിക്കേണ്ട വ്യക്തിയാണ് അയാൾ. സഭയുടെ പ്രാധാന്യം മനസിലാക്കാതെ സ്നാനമേററു പോകുന്നവരാണ് ഈ വിധത്തിൽ തെററിപ്പോകുന്നത്. ഒരു യഥാർത്ഥ വിശ്വാസി ക്രമ വിരുദ്ധമായി ഉപദേശിക്കയും പഠിപ്പിക്കയും ആചരിക്കയും ചെയ്യുന്ന വിഭാഗത്തോടു യോജിക്കുകയില്ല. അങ്ങനെ ചെയ്താൽ ദൈവ മുൻപാകെ കുററകരമായി തീരും.

കൂടാതെ ഇപ്പോൾ വിവാഹം കഴിഞ്ഞ് കുടുംബ ജീവിതത്തിൽ പ്രവേശിക്കുന്ന പലർക്കും വേർപെട്ട് ജീവിക്കേണ്ടിവരുന്നുണ്ട്. യഥാർത്ഥ വിവാഹം കൂടാതെ ജീവിക്കുന്നവരും ഇല്ലാതില്ല. സ്നാനത്തിനു മുൻപ് ആ വ്യക്തിയുടെ വിവാഹ സാഹചര്യത്തെക്കുറിച്ച് ഞാൻ അന്വേഷിക്കാറുണ്ട്. നിയമാനുസരണമുള്ള വിവാഹബന്ധത്തിലല്ല അയാൾ ജീവിക്കുന്നതെങ്കിൽ, അതിൽ നിന്നു മാനസാന്തരപ്പെടുവാൻ കഴിയാതെയുമാണ് ഇരിക്കുന്നതെങ്കിൽ അങ്ങനെയുള്ള ഒരാളെ സ്നാനപ്പെടുത്തുന്നവർ കണ്ടേക്കാം. പക്ഷെ എന്റെ മനഃസാക്ഷിയനുസരിച്ച് അയാളെ സ്നാനം കഴിപ്പിക്കുവാൻ പ്രയാസമാണ്. ഇതേപോലെയുള്ള

ഒരാളെ അപ്പോൾ എങ്ങനെ സ്നാനപ്പെടുത്തും ? അത്തരം സാഹചര്യത്തിൽ ഒരാൾ സ്നാനപ്പെടുവാൻ ചിന്തിക്കുന്നതു തന്നെ വിചിത്രമാണ്. കാരണം മാനസാന്തരപ്പെട്ടു സ്നാനം ഏല്ക്കുവാനാണ് ദൈവം ഇച്ഛിക്കുന്നത്. ആ സാഹചര്യത്തിൽ തന്നെ ആ വ്യക്തി വെള്ളത്തിൽ മുങ്ങൽ സ്നാനം ഏല്ക്കുമ്പോൾ അതു ദൈവകല്പനയെ പരിഹസിക്കുക മാത്രമല്ല, താൻ ജീവിക്കുന്ന ജീവിതശൈലി ശരിയാണെന്ന് ചിന്തിക്കയും മോശമായ ഒരു മാതൃക സമൂഹത്തിനു കാഴ്ച വെക്കുകയും ചെയ്യുന്നു.

അതുമാത്രമല്ല, മാനസാന്തരപ്പെടാൻ ഒരുക്കമല്ല എന്ന സൂചന എവിടെയെങ്കിലും അല്പം കണ്ടെത്തിയാൽ അഥവാ ശരിയായ അനുസരണ ഘട്ടത്തിൽ അയാൾ എത്തിയിട്ടില്ലെങ്കിൽ സ്നാനപ്പെടുന്നതുകൊണ്ട് എന്തു പ്രയോജനം ? ദൈവം തന്റെ വചനത്തിൽ കല്പിച്ചിട്ടുള്ള ഉപദേശങ്ങൾ പൂർണ്ണമായി അനുസരിക്കുവാൻ എപ്പോൾ ഒരാൾ തയ്യാറാവുന്നോ അപ്പോൾ മാത്രമാണ് അയാളെ സ്നാനപ്പെടുത്താവുന്നത്.

അവസാനമായി ദൈവം പഠിപ്പിച്ച ഉപദേശപ്രകാരം മാനസാന്തരപ്പെട്ട ഒരാളോടു ഞാൻ ചോദിക്കാൻ താല്പര്യപ്പെടുന്ന ചോദ്യം യേശുക്രിസ്തു ദൈവപുത്രനാണ് എന്ന് അവൻ വിശ്വസിക്കുന്നുണ്ടോ, എന്നതാണ്. അതു ഏററു പറയുന്ന ഒരാളെ സ്നാനപ്പെടുത്താൻ വിരോധമില്ല സ്നാനത്തിന്റെ ഉദ്ദേശത്തേയും ഫലത്തേയും പറഞ്ഞു മനസിലാക്കികൊടുക്കണമെന്നു മാത്രം (റോമർ 10:10; മത്തായി 10:32; പ്രവൃത്തി 8: 37-39). സ്നാനം പാപമോചനത്തിനു വേണ്ടിയും രക്ഷിക്കപ്പെട്ട് കർത്താവിന്റെ സഭയിൽ അംഗമായി തീരുന്നതിനും വേണ്ടിയുമാണ് (പ്രവൃത്തി 2:38; 2:47). കർത്താവ് കല്പിച്ചിട്ടുള്ള കല്പനകളിൽ ഏതെങ്കിലും ഒന്ന് നിരസിക്കുന്ന വ്യക്തിയെ വചനപ്രകാരം സ്നാനപ്പെടുത്താൻ സാദ്ധ്യമല്ല. അങ്ങനെയുള്ള സ്നാനം ദൈവ വ്യവസ്ഥ പാലിക്കപ്പെടാത്തതാ

കയാൽ ഫലമില്ലാതെ പോകും. ഫിലിപ്പോസ് എന്ന സുവിശേഷകൻ ഷണ്ഡനോട് ദൈവവചനം അറിയിച്ചപ്പോൾ സുവിശേഷം കേട്ടു വിശ്വസിച്ച ഷണ്ഡൻ സ്നാനപ്പെടുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ, അതിനു ഫിലിപ്പോസ് പറഞ്ഞതു: ''നീ പൂർണ്ണഹൃദയത്തോടെ കർത്താവ് ദൈവ പുത്രനാണെന്ന് വിശ്വസിക്കുന്നുവെങ്കിൽ ആകാം എന്നു പറഞ്ഞു. അവൻ അതു ഏററുപറയുകയും ഫിലിപ്പോസ് അവനെ സ്നാനപ്പെടുത്തുകയും ചെയ്‌തു. താൻ നിമിത്തം ഷണ്ഡൻ സന്തോഷഭരിതനായി തീരുകയും ചെയ്‌തു (പ്രവൃത്തി 8: 37-39).

ഉദാഹരണമായി ഷണ്ഡൻ യേശുക്രിസ്തുവിനെ ഏററു പറയുവാൻ മടിച്ചിരുന്നെങ്കിൽ ഫിലിപ്പോസ് അവനെ സ്നാനപ്പെടുത്തുവാൻ ഒരുങ്ങുമായിരുന്നോ ? തന്നെയുമല്ല അവൻെറ പഴയ മതപരമായ പ്രവൃത്തികളിൽനിന്ന് അവൻ മാററം വരുത്തിയില്ലെങ്കിൽ അവനെ സ്നാനപ്പെടുത്തുമായിരുന്നോ ? പാപത്തിൽ നിന്നു മാനസാന്തരപ്പെടാതെ ഒരാളെ പാപമോചനത്തിനായുള്ള സ്നാനം കൊടുക്കുവാൻ ദൈവാത്മാവ് അനുവദിക്കുന്നില്ല. അതൊന്നും സാരമാക്കാതെ ദൈവ കല്പനയെ നിസാരമാക്കി മാററുക എന്ന അപരാധം ഒരിക്കലും ആത്മാർത്ഥതയുള്ള ദൈവപുരുഷൻ സമ്മതിക്കയില്ല. ക്ഷമാപണ നിബന്ധനകളിൽ ഏതൊന്നും വിട്ടുകളയാവുന്നതല്ല. രക്ഷ ആർക്കെങ്കിലും തടഞ്ഞുവെക്കുന്ന ഉദ്ദേശം എനിക്കില്ല എന്നുകൂടെ പറഞ്ഞുകൊള്ളട്ടെ. കൂററം നിലനില്ക്കുന്ന വ്യക്തിയെ എങ്ങനെ അംഗീകരിക്കാൻ സാധിക്കും ? ദൈവത്തെ അനുസരിക്കുന്നതു പൂർണ്ണമായിരിക്കണം. അവൻെറ അംഗീകാരമാണ് എല്ലാവരും പ്രതീക്ഷിക്കേണ്ടത്. ദൈവമാണ് ഓരോരുത്തരേയും രക്ഷിക്കുന്നത്. പൂർണ്ണമായി മരിച്ച ഒരാളെയാണല്ലോ അടക്കം ചെയ്യുന്നത്. അതുപോലെ പാപങ്ങൾ മുഴുവൻ ഇല്ലാതാക്കിയ ഒരാളെയാണ് വെള്ളത്തിൽ അടക്കം ചെയ്യേണ്ടത്. അതുകൊണ്ട് സ്നാനം

ഏല്പ്ക്കുവാൻ ഒരുങ്ങുന്ന ഒരാറം ദൈവത്തെ പ്രസാദിപ്പിക്കുവാനും അനുസരണം ദൈവം സ്വീകരിക്കണമെന്നും കരുതി രക്ഷിതാവായ ദൈവത്തിൽ പൂർണ്ണമായി സമർപ്പിക്കണം. മററുള്ളവരെ കുററപ്പെടുത്തുന്നതിലല്ല, നമ്മുടെ കുററങ്ങൾ മുഴുവൻ നീക്കി കളയുന്നതിനു നാം മുൻതൂക്കം കൊടുക്കുക.

★

## സ്ത്രീകൾക്കു വേണ്ടി

# സ്ത്രീയുടെ വില

### ബെററി B. C.

സൌമ്യതയും സാവധാനതയുമുള്ള മനസ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിൻെറ ഗൂഢ മനുഷ്യൻ തന്നേ ആയിരിക്കേണം. അതു ദൈവ സന്നിധിയിൽ വിലയേറിയതാകുന്നു (I പത്രൊസ് 3: 1-4).

ഭർത്താവിൻെറ ഇച്ഛക്കു വിധേയമാകത്തക്കവണ്ണം അടിച്ചമർത്തപ്പെട്ടവളായിരുന്നോ സാറാ ? ഒരിക്കലുമല്ല. അപരിചിത സ്ഥലങ്ങളിൽ അവർ വിദേശിയരായി പാർക്കുമ്പോൾ രണ്ടുതവണ സാറായുടെ സൗന്ദര്യം നിമിത്തം തൻെറ പ്രാണൻ നഷ്ടപ്പെടുമോ എന്നുപോലും ഭയപ്പെട്ടു. മിസ്രയീമിൽ എത്തുമാറായപ്പോൾ അബ്രാഹാം തൻെറ ഭാര്യ സാറായോട് പറഞ്ഞത്: ഇതാ, നീ സൗന്ദര്യമുള്ള സ്ത്രീയെന്നു ഞാൻ അറിയുന്നു. മിസ്രയീമ്യർ നിന്നെ കാണുമ്പോൾ ഇവൾ അവൻെറ ഭാര്യ എന്നു പറഞ്ഞു എന്നെ കൊല്ലുകയും നിന്നെ ജീവനോടെ രക്ഷിക്കയും ചെയ്യും. നീ എൻെറ സഹോദരി എന്നു പറയേണം; എന്നാൽ നിൻെറ നിമിത്തം എനിക്കു നന്മ വരികയും ഞാൻ ജീവിച്ചിരിക്കയും ചെയ്യും (ഉല്പത്തി 12: 11-13).

അബ്രാഹാമിന്റെ ഭയം അവനെ ഭീരുത്വത്തിലേക്കു നയിക്കുന്നതായി സമ്മതിക്കേണ്ടിയിരിക്കുന്നു. തന്നെ അവിടെ എത്തിച്ച ദൈവത്തിലുള്ള അവന്റെ വിശ്വാസക്കുറവാണ് ഇതു കാണിക്കുന്നത്. അവന്റെ ഉത്തമ സ്വഭാവത്തിലെ ഒരു ന്യൂനതയായി പറയാം. ഒരു യജമാനൻ തന്റെ കീഴിലുള്ള ആളോടു കല്പിക്കുന്ന വിധത്തിലായിരുന്നില്ല അബ്രാഹാം തന്റെ ഭാര്യയോട് ഈ ആവശ്യം ഉന്നയിച്ചത്. മറിച്ച് ഒരു സഹായമെന്ന നിലയിൽ അപേക്ഷിക്കുകയായിരുന്നു. ദൈവ ഭക്തിയുള്ള സ്ത്രീ എന്ന നിലക്ക് അവൾ ആ ധീരമായ നടപടി സ്വയം ഏറ്റെടുത്ത് തന്റെ ഭർത്താവിനെ അവൾ സംരക്ഷിക്കാൻ തയ്യാറായി. അബ്രാഹാമിന്റെ അപേക്ഷ സാറാ അനുസരിച്ചു. അനുസരണമുള്ള ഭാര്യ എന്ന ബഹുമതി സാറാക്കു യോജിക്കുന്നു. ഭർത്താക്കന്മാരെ അനുസരിക്കുന്ന ഭാര്യമാർ കുടുംബ ജീവിതത്തിൽ സമാധാന കാംക്ഷികളാണെന്നുള്ളതിനു രണ്ടുപക്ഷമില്ല.

എന്നാൽ പൊതുവിൽ മനുഷ്യർക്കു സംഭവിക്കാവുന്ന ഒരു തെറ്റ് സാറായ്ക്കും സംഭവിക്കുന്നുണ്ട്. അബ്രാഹാമിനു ദൈവം ഒരു സന്തതിയെ വാഗ്ദാനം ചെയ്തു. പക്ഷെ പത്തു വർഷം കഴിഞ്ഞിട്ടും മക്കൾ ഒന്നും ഉണ്ടായില്ല. ഈ പ്രശ്നത്തിനു സാറാ കണ്ടെത്തുന്ന പരിഹാരം ഉല്പത്തി 16-ാം അദ്ധ്യായം വായിച്ചാൽ ഗ്രഹിക്കാം. ഗർഭോല്പാദനത്തിനുള്ള പ്രായം കഴിഞ്ഞിരിക്കുന്നു എന്നു മനസിലാക്കിയ അവർ ആ ദേശത്തിൽ നടപ്പുള്ള ഒരു ആചാരത്തിലേക്കു തിരിയുന്നു. ദാസിയെ അബ്രാഹാമിനു കൊടുത്തുകൊണ്ട് സാറാ പറഞ്ഞു; അവൾക്കു ജനിക്കുന്ന മക്കൾ തന്റേയും കൂടെ മക്കൾ ആയി അവർ പരിഗണിക്കും എന്ന്, ദാസി ഗർഭം ധരിച്ചു എന്നറിഞ്ഞപ്പോൾ അവൾ സാറായുടെ കണ്ണിനു നിന്ദിതയായി മാറി. അവസാനം ഇസ്മായേൽ ജനിച്ചു വളർന്നു. അതു പരിഹാസ്യമായി തീർന്നു. ഇസഹാക്കിന്റേയും ഇസ്മായേലിന്റേയും പിൻഗാമികൾ ബദ്ധ ശത്രുതയിലായി തീർന്നു.

ആ ശത്രുത വളർന്ന് 3500 വർഷങ്ങൾക്കുശേഷം അറബികളും ഇസ്രായേല്യരും തമ്മിൽ ഏററു മുട്ടലിലെത്തി ചേർന്നു.

ദൈവ ഭക്തിയുള്ള സ്ത്രീകൾക്കു പോലും ചില സന്ദർഭങ്ങളിൽ ദൈവത്തിൽ ഉറച്ചു കാത്തിരിക്കുവാൻ ക്ഷമയില്ലാതെ വിശ്വാസത്തിൽ ഇളക്കമുള്ളവരായി തീരും. ദൈവം പ്രവർത്തിക്കേണ്ട സ്ഥാനത്തു നാം അതിനു അനുവദിക്കാതെ സ്വയം പ്രവർത്തനം ഏറെറടുത്താൽ നാം പ്രശ്നങ്ങൾ അനവധി വരുത്തി തീർക്കയാണ്. യഹോവയിങ്കൽ പ്രത്യാശ വെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ. അതേ, യഹോവയിങ്കൽ പ്രത്യാശ വെക്കുക (സങ്കീർത്തനം 27:14).

എബ്രായലേഖനം പതിനൊന്നാം അദ്ധ്യായം പഴയ കാലത്തു ജീവിച്ച വിശ്വാസികളെ പററി പറയുന്നു. അബ്രാഹാമിനെപ്പോലെ ആ പട്ടികയിൽ സാറയെയും ഉൾപ്പെടുത്തിയിരിക്കുന്നു. "വിശ്വാസത്താൽ സാറയും വാഗ്ദത്തം ചെയ്തവനെ വിശ്വസ്തൻ എന്നു എണ്ണുകയാൽ പ്രായം കഴിഞ്ഞിട്ടും പുത്രോൽപാദനത്തിനു ശക്തി പ്രാപിച്ചു (എബ്രായർ 11:11). അബ്രാഹാമിനു ഉണ്ടായിരുന്നതു പോലെ പൂർണ്ണ വിശ്വാസം സാറയ്ക്കും ഉണ്ടായിരുന്നു എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. ഭർത്താവിന്റെ അനുസരണത്താൽ ഒരു സ്ത്രീയും ഇന്നു രക്ഷിക്കപ്പെടുന്നില്ല; വിശ്വസ്ത എന്ന് വിളിക്കപ്പെടുകയുമില്ല. അവൾ തന്റെ ജീവിതത്തിൽ ദൈവത്തോടു വിശ്വസ്തതയും അനുസരണയും പുലർത്തണം. അവളുടെ ഉത്തരവാദിത്വം അവളിൽ തന്നെയാണ്. സാറായുടെ വിശ്വസ്തത എന്ന മാതൃക നമുക്ക് ഒരു ഗുണപാഠമായി തീരട്ടെ.

★

# ബൈബിൾ വിവരിക്കുക

നീയൽ പോളാർഡ്

മുകളിൽ കൊടുത്ത വിഷയം നിങ്ങൾക്കു നല്കിയാൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും ? അതിന്റെ വലിപ്പം, പേപ്പറിന്റെ രീതി, തർജ്ജിമക്കാർ, കൈവശമുള്ള പ്രതിയുടെ സ്ഥിതി എന്നിവയായിരിക്കുമോ നിങ്ങൾ പറയുക ? അതോ വസ്തുതകൾ അടങ്ങുന്ന, അദ്ധ്യക്ഷന്മാരും ഉപദേഷ്ടാക്കന്മാരും നല്കിയ ജീവിത സഹായിയായിട്ടോ അല്ലെങ്കിൽ ഇതെല്ലാം ഒത്തുചേർന്നിരിക്കുന്ന ഒരു ഗ്രന്ഥമായിട്ടോ ? ദൈവവുമായി ബൈബിളിനെ നിങ്ങൾ എങ്ങനെ ബന്ധപ്പെടുത്തും ? ലോകത്തോടും രാജ്യത്തോടും, കുടുംബത്തോടും നിങ്ങളോടും അതിനെ എങ്ങനെ ബന്ധപ്പെടുത്തും ?

നിങ്ങളുടെ ജീവിതത്തിൽ സ്നേഹിതനോടോ കുടുംബത്തിലെ ഏതെങ്കിലും അംഗങ്ങളോടോ വചനം വിവരിക്കുന്ന സന്ദർഭം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ ? ആമുഖമായിട്ട് ബൈബിളിനെ വിവരിക്കുന്ന ഒരു രീതിയെയല്ല ഞാൻ അർത്ഥമാക്കുന്നത്. മറിച്ച് ഈ പുസ്തകങ്ങളുടെ പുസ്തകമായ തിരുവെഴുത്തിൽ ഉൾക്കൊള്ളുന്ന കാര്യങ്ങൾ ചർച്ച ചെയ്തു കൊടുക്കാറുണ്ടോ എന്നതാണ്. സത്യമാകുന്ന ബൈബിൾ ജീവിതത്തിലേക്കു തർജ്ജിമ ചെയ്താലേ അതിന്റെ യഥാർത്ഥ ശക്തി അറിയാൻ പററു. സ്നാനമേററു പത്തിരുപതു വർഷം പിന്നിട്ട ആളുകളും ലോകത്തിലുള്ളവരെ പോലെ ആരാധനക്കു വല്ലപ്പോഴും സംബന്ധിക്കുകയും ബൈബിളിലെ പുസ്തകങ്ങൾ എവിടെ കിടക്കുന്നു എന്നു അറിയാൻ ഓരോന്നിന്റേയും പേജ് നമ്പർ എഴുതിയിരിക്കുന്നതു തപ്പിനോക്കുകയും ചെയ്യുന്നതു കാണാം. അവർക്കു ബൈബിൾ കാര്യങ്ങൾ വിവരിച്ചു കൊടുക്കാൻ കഴിയുകയില്ല. എന്നാൽ മററു ചിലർ ചുരുക്കം സമയം കൊണ്ട് ദൈവ വചനം പഠിച്ച് അതിൽ പറഞ്ഞിരിക്കുന്ന മനോഹര സത്യങ്ങൾ ആളുകൾക്കു വെളിപ്പെടുത്തി കൊടുക്കും.

കാപട്യമുള്ള ഒരു വ്യക്തി വ്യത്യസ്ത സ്വഭാവ രീതികൾ പുറപ്പെടുവിക്കുന്നതു കാണാം. പുറമെ മത ഭക്തിയും ആദരവും പ്രകടിപ്പിക്കുന്ന ആളുകൾ ധാരാള മുണ്ട്. പക്ഷെ ലോകത്തിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ആത്മാക്കളുടെ ആവശ്യങ്ങൾ നിറവേററുക എന്ന പ്രവൃത്തി കണ്ടിട്ടും കാണാതിരിക്കുകയാണ് അവർ ചെയ്യുന്നത്. നാമധേയ വിഭാഗത്തിലുള്ളവരോടോ മററു മതങ്ങളിൽ ഉള്ളവരോടോ ബൈബിൾ സംസാരിക്കുവാൻ ധൈര്യപ്പെടാത്തവരുണ്ട്. എന്നാൽ ശേഷമുള്ളവർ പരിജ്ഞാനത്തിൽ അതിവേഗം വളരുകയും തികഞ്ഞ ഗൗരവത്തോടെ അറിയിക്കയും ചെയ്യും. ആരാധനക്കും ബൈബിൾ പഠനത്തിനും പങ്കെടുത്തു അറിവിൽ തികഞ്ഞവരായി തീരും. പക്ഷെ പുറത്തുള്ളവരോടു അനുകമ്പയോ, ത്യാഗോജ്വലമായ സ്നേഹമോ പ്രവർത്തിക്കാത്തവരാണ്. അവർ ക്രിസ്ത്യാനിത്വത്തെ യാന്ത്രികമാക്കി മാററുന്നു. പുറത്തുള്ള രക്ഷപ്പെടാത്തവർ തന്നെത്താൻ രക്ഷപെടട്ടെ എന്ന അർത്ഥത്തിൽ ജീവിക്കുന്ന ആളുകളാണ് അവർ. ക്രിസ്തുവിൽ ആയിത്തീർന്ന സഹോദരീ സഹോദരന്മാർ ആത്മാർത്ഥമായി ക്രിസ്തുവിനെയും തന്റെ സഭയെയും സ്നേഹിക്കുന്നുവെങ്കിൽ അവരുടെ ദൗത്യം ശരിയായി മനസ്സിലാക്കും. കൂടാതെ താല്ക്കാലികമായതിന്മേൽ നിത്യമായ വയ്ക്കുള്ളവയുടെ പ്രാധാന്യം തിരിച്ചറിയുകയും ചെയ്യും. വാസ്തവത്തിൽ പരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികൾ ബൈബിൾ ശരിയായി വിവരിക്കുന്ന പ്രാപ്തിയിലേക്കു ഉയരും.

ചില സഹോദരങ്ങൾ ലോകത്തെ ബൈബിളിൽ നിന്നും വളരെ അകററി നിർത്തും. അതിനു ഇവർ പറയുന്ന ഒഴിവുകഴിവുകൾ ദൈവത്തിന്റെ പരിശുദ്ധി, നീതി, ഉയർന്ന പ്രതീക്ഷകൾ എന്നിവയാണ്. പക്ഷെ അവർ മറക്കുന്നത് എത്ര വലിയ പാപിയാണെങ്കിലും ദൈവത്തിന്റെ കൃപയാൽ സൗജന്യമായി ഒരുക്കിയിരിക്കുന്ന രക്ഷയെയാണ്. ന്യായവിധി നാളിൽ രാജാവിന്റെ ഇടത്തു വശത്തുനിന്ന് ക്ഷമാപണത്തിനായി കേഴുന്ന അസംഖ്യം ആളുകളെ നമുക്കന്നു കാണാം.

★

കവിത

# സുഗന്ധ തൈലം

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

മൃത്യു ദിനത്തെക്കാളുത്തമമായതു,
പാരിൽ വേറേതുണ്ടുചൊല്ലുക സോദരാ.
നല്ലപേർ വയ്പ്പതും ചൊല്ലിനടപ്പതും,
നൽ തൈലത്തെക്കാളുത്തമമല്ലയോ.

മന്നിൽ പിറന്നുള്ള മാനവജാതിക്ക്,
മരണമെന്നുള്ളതു നിശ്ചയമാണഹോ.
കണ്ണിനു കാണുവാൻ കഴിയാത്ത കാരണിനെ,
എന്തിനു കാത്തിരുന്നാർത്തിയെ കാട്ടണം.

ജ്ഞാനിയേ നിൻമനം എവിടെയാണെന്നത്,
വേദംപറയും വിലാപവീടെന്ന്.
മൂഢൻെറ മാനസം പാരിനടക്കുന്ന-
തെപ്പൊഴും സന്തോഷ വീട്ടിലാണല്ലയോ.

എഴുപതു തന്നെയും ഓടുമെന്നാകിലും,
ഏറെ കരേറിയാലെൺപതു തന്നെയും.
പുല്ലിൻെറ പൂപോലെ പൂക്കുന്ന മാനുഷാ
തെല്ലിടകൊണ്ടുനീ വാടിവീണീടുമേ.

അല്പായുസെങ്കിലും ഇപ്പാരിലിങ്ങനെ
പാത്തും പതുങ്ങിയും എത്തുമെൻ സോദരാ
നാളെ വെളുപ്പിനു എന്തു നടക്കുമെ-
ന്നാരറിയുന്നഹോ ഈ മരുഭൂമിയിൽ

കാലം കടക്കുന്നു കോലം തിരിയുന്നു
കാലനും ഓടി ഒളിക്കുന്നു മാനസ്സേ
ദുഃഖസുഖത്തിലും ഒത്തു പിടിച്ചവർ
അനർത്ഥം വരുമെന്നു ചിന്തിച്ചറിഞ്ഞുകൊരം

★

# രക്ഷാ ദിവസം

## തോമസ് മാത്യു

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

"രക്ഷ-വിശ്വാസത്തിൻമേൽ സ്ഥിരീകരിക്കുന്നു." കൃപയാലല്ലോ... (എഫെ: 2:8). എന്നാൽ ഏതു വിശ്വാസവും നമ്മെ രക്ഷിക്കുന്നില്ല. യേശുക്രിസ്തുവിൽ ഉള്ള വിശ്വാസം മാത്രമേ രക്ഷക്ക് നിദാനമായിരിക്കുന്നുള്ളൂ എന്നത് സ്പഷ്ടം (റോ: 3:26; ഗലാത്യർ. 2:16). യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും, നീതി ലഭിക്കുന്നു. "അവരെ ദൈവം നീതീകരിച്ചു." നീതിമാനായി എണ്ണുന്നു. പുത്രനിൽ വിശ്വസിക്കുന്നവന് "നിത്യജീവനുണ്ട്" എന്ന് സുവിശേഷത്തിൽ വായിക്കുന്നു (യോഹ: 3:36). എന്താണ് വിശ്വസിക്കേണ്ടത്? എന്ന ചോദ്യം ഇവിടെ ഉദിക്കുന്നു.

എത്യോപ്യാ രാജ്ഞിയുടെ ഷണ്ഢനും, ഫിലിപ്പോസുമായുള്ള സംഭാഷണത്തിൽ നിന്നും നമുക്ക് ഇതിന് മറുപടി ലഭിക്കുന്നു. "സ്നാനം ഏൽക്കുന്നതിൽ എന്തു തടസ്സം എന്നു ഷണ്ഢൻ ചോദിക്കുമ്പോൾ ഫിലിപ്പോസ് പറയുന്നത്, വിശ്വസിക്കുന്നു എങ്കിൽ ആകാം. അപ്പോൾ ഷണ്ഢൻ കൊടുക്കുന്ന മറുപടി ശ്രദ്ധേയമാണ്. "യേശു ദൈവപുത്രനെന്ന് ഞാൻ വിശ്വസിക്കുന്നു (പ്രവൃ: 8:37).

വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു (റോമർ 5:1). ദൈവം നമ്മെ നീതിമാന്മാരായി എണ്ണുന്നത് നാം ക്രിസ്തുവിൽ വിശ്വസിക്കുന്നതുകൊണ്ടു മാത്രമാണ്. ക്രിസ്തുമാർഗ്ഗത്തിൻെറ അടിസ്ഥാനം, ഉപദേശം, വളർച്ച, ശുശ്രൂഷ എന്നിവയ്ക്കെല്ലാം നിദാനമായിരിക്കുന്നത് വിശ്വാസമാണ്. "യേശുക്രിസ്തുവിൽ വിശ്വസിച്ച ഒരുവനെ അതിനാൽ വിശ്വാസി" (Believer) എന്നു വിളിക്കുന്നു.

3. പാപം ഏററുപറഞ്ഞ് രക്ഷപ്പെടുന്നു (റോമർ 10:9). രക്ഷിക്കപ്പെടുന്നതിന് ഈ വേദഭാഗത്ത് "രണ്ട്" ഉപാധികൾ പറയുന്നു. "അവ രണ്ടും" ഏകീകരിച്ചും പറഞ്ഞിരിക്കുന്നു. "പാപം ഏററുപറയുക" എന്നത് തിരുവചനത്തിന്റെ മാററമില്ലാത്ത വ്യവസ്ഥയാണ്. പ്രസ്തുത വാക്യം ശ്രദ്ധിക്കുക - നീതിയ്ക്കായി ഹൃദയംകൊണ്ട് വിശ്വസിക്കുകയും വായ് കൊണ്ട് രക്ഷക്കായി ഏററുപറയുകയും ചെയ്യുക. "ഹൃദയം". കൊണ്ടുള്ള വിശ്വാസം നീതിക്കും വായ്കൊണ്ടുള്ള ഏററുപറച്ചിൽ രക്ഷക്കും തന്നെ. വായ്കൊണ്ടുള്ള സത്യവും വ്യക്തവുമായ ഏററുപറച്ചിൽ കൂടാതെ രക്ഷ പ്രാപിപ്പാൻ കഴിയുന്നതല്ലായെന്ന് ഈ വേദഭാഗം വ്യക്തമാക്കിയിരിക്കുന്നു.

"ഹൃദയംകൊണ്ടുള്ള വിശ്വാസവും വായാലുള്ള ഏററുപറച്ചിലും ഒരുപോലെ പ്രാധാന്യമുള്ളതാണ്." ദൈവപുത്രനായ ക്രിസ്തു എന്റെ രക്ഷിതാവ് എന്നു ഏററുപറയാത്തവരാരും രക്ഷിക്കപ്പെടുകയില്ല. മനുഷ്യരിൽ നിലവിലുള്ള രണ്ടു കാര്യങ്ങൾ ഇവിടെ ഓർക്കേണ്ടതുണ്ട്: ഇതര ക്രിസ്തീയ സഭാവിഭാഗങ്ങളിൽ "മദ്ധ്യസ്ഥൻ" നിന്നുകൊണ്ട് നിർബ്ബന്ധത്താൽ മററുള്ളവരുടെ പാപങ്ങൾ ഏററു പറയിക്കാറുണ്ട്. അതിനാൽ തങ്ങൾ രക്ഷിക്കപ്പെടുകയില്ല, എന്തെന്നാൽ അവരുടെ ഹൃദയം നീതിക്കായി വിശ്വസിക്കപ്പെടുന്നില്ല. "അതായത്" പാപം ഏററുപറഞ്ഞ് ഉപേക്ഷിച്ച് "ക്രിസ്തുവിനെ" ഏററുപറഞ്ഞില്ല. രണ്ടാമത്തെ സംഗതി, ഒരുവിഭാഗം ആളുകൾ ക്രിസ്തു ദൈവപുത്രൻ, രക്ഷിതാവ് എന്നിങ്ങനെ വാസ്തവമായി മനസിലാക്കിയവരാണ്. എന്നാൽ ദൈവവചനപ്രകാരമുള്ള ആന്തരിക നീതിയോ രക്ഷക്ക് ആവശ്യമായ അംഗീകാരമോ സ്വീകരിച്ചവരല്ല. അങ്ങനെയുള്ളവരെ ദൈവം അംഗീകരിക്കുന്നില്ല എന്നത് സ്പഷ്ടമാണ്. ക്രിസ്തുമാർഗ്ഗത്തിന്റെ ഘടകമാണ് സാക്ഷീകരണം. എന്നത്. സകല സൃഷ്ടികളോടും എന്നതാണ് അതിന്റെ എണ്ണം. ഭൂതലത്തിന്റെ അററത്തോളം അതാണ് അതിന്റെ അതിര് (പ്രവൃത്തി 1:8), (മർ. 16:16). ക്രിസ്തീയ സഭയിൽ എത്ര

ത്തോളം അംഗങ്ങൾ വർദ്ധിച്ചാലും അവർ ഓരോരുത്തരും യേശുക്രിസ്തുവിനോടു വ്യക്തിപരമായ ബന്ധമുള്ളവരായിരിക്കും എന്നത് വിശേഷമേറിയ ഒരു വസ്തുത തന്നെയാകുന്നു.

4. സ്നാനം ഏററു രക്ഷിക്കപ്പെടുക (മർ. 16:16). ഈ വേദവാക്യം സംശയം ഉളവാക്കുന്നതാകയാൽ അല്പം വിവരിക്കാം. ''സ്നാനം ഏററ് ആരും രക്ഷിക്കപ്പെടുന്നില്ല.'' 'ക്രിസ്തു'വിലെ വിശ്വാസത്താൽ രക്ഷിക്കപ്പെടുമ്പോൾ സ്നാനം ഏൽക്കുന്നു. മാന്യവായനക്കാർ താഴെ പറയുന്ന വാക്യം സൂക്ഷ്മമായി ചിന്തിക്കുക. ക്രിസ്തുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും മക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേററിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാ. 3: 26-27). ക്രിസ്തുവിലെ വിശ്വാസത്താൽ ദൈവമക്കളായവർ ''സ്നാനം ഏൽക്കുക'' എന്നു പറഞ്ഞിട്ടില്ലാ... പിന്നെയോ അങ്ങനെ ദൈവമക്കളായി സ്നാനം ഏററ നിങ്ങൾ എന്നാണ്, ദൈവമക്കളായാൽ ''സ്നാനം ഏൽക്കും.'' അവർ സ്നാനമേററിരിക്കും എന്നാണ് അർത്ഥം. ''സ്നാനം'' അത് മരണ പുനരുത്ഥാനമാണ്, ക്രിസ്തുവിൻെറ മരണത്താൽ അല്ല. ''പുനരുത്ഥാനത്താലും'' കൂടെയാണ് രക്ഷ...

നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിനു ഏൽപിച്ചും, നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്നു (റോമർ 4:24) എന്നല്ലോ വായിക്കുന്നത്. ഉയിർത്തെഴുന്നേൽപിൽ ശക്തിയും സുവിശേഷ സന്ദേശവും, ''ക്രിസ്തുവിൻെറ'' മരണ പുനരുത്ഥാന സാദൃശ്യം തന്നെ. സ്നാനം പാപത്താൽ മരിച്ചവർ നീതിക്ക് ജീവിക്കേണ്ടതിനു തന്നെ അവൻ മരിക്കുകയും, ഉയിർക്കുകയും ചെയ്തത്. എനിക്ക് ഒരു സ്നാനം ഏൽക്കാൻ ഉണ്ട്. (ലൂക്കോ. 12:50) എന്നു താൻ അരുളിച്ചെയ്തിരിക്കുന്നു. അതു തൻെറ മരണത്തിന് സൂചനയായിരുന്നു. യേശു

ക്രിസ്തുവിന്റെ യോർദ്ദാനിലെ സ്നാനം എന്താണ് വിളിച്ചറിയിക്കുന്നത് അതേ... താൻ തന്റെ പിതാവിനോട് ഈ നദീജലത്തിൽ ''നിമജ്ജനം'' ചെയ്യും പ്രകാരം മരണത്തിനു താൻ സമ്മതിച്ചിരിക്കുന്നു - അതിനു കീഴ്പ്പെട്ടിരിക്കുന്നു എന്നതായിരുന്നു. അങ്ങനെ താൻ മരിക്കുകയും, ഉയിർക്കുകയും ചെയ്തു. അവന്റെ മരണത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ - പുനരുത്ഥാനത്തോടും ഏകീഭവിക്കും (റോമ: 6:5). വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, എന്നത് യേശുക്രിസ്തുവിന്റെ കല്പനയാണ്. വിശ്വാസം, സ്നാനം ഇവ രണ്ടും രക്ഷയ്ക്ക് അവിഭാജ്യമായി തന്നെ നിലകൊള്ളുന്നു. നിങ്ങൾ മാനസാന്തരപ്പെട്ട് സ്നാനം ഏൽപിൻ (പ്രവൃ: 2:38). മാനസാന്തര സ്നാനം പ്രസംഗിച്ചു (ലൂക്കോ: 3:3). ''ഇതാ-വെള്ളം, സ്നാനം ഏൽക്കുന്നതിൽ എന്തു തടസ്സം,'' വിശ്വസിക്കുന്നെങ്കിൽ (ക്രിസ്തുവിൽ) ആകാം (പ്രവൃ: 8:36). ഈ വേദഭാഗത്തു എല്ലാം തന്നെ ''വിശ്വാസത്തോടു ബന്ധപ്പെട്ട് സ്നാനവും കാണുന്നില്ലയോ'' ?

വി: പത്രോസ് അപ്പോസ്തലൻ തന്റെ ലേഖനത്തിൽ സ്നാനത്തിനു മുൻകുറി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. ഇവിടെ നമുക്ക് വിഷയമാകേണ്ട സംഗതി, ദൈവം നോഹയുടെ തലമുറയിൽതന്നെ ഈ ''കൃപായുഗത്തിൽ'' നിവർത്തിപ്പാനിരുന്ന രക്ഷാ നടപടിയിൽ ''സ്നാനവും'' ഉൾപ്പെടുത്തിയിരുന്നു എന്നതാണ്. ''അത് സ്നാനത്തിനു മുൻകുറി എന്നല്ലോ കാണുന്നത്'' (1പത്രോസ്. 3:21).

ക്രിസ്തീയ സ്നാനത്തെക്കുറിച്ച് സംഗതി ഇപ്രകാരം ഇരിക്കെ ക്രൈസ്തവ സമൂഹങ്ങളിലധികവും ദുരുപദേശത്താലും, ജാതീയ നടപടിയാലും അധഃപതിച്ച് ദൈവവചന സത്യത്തെ തിരസ്ക്കരിച്ചിരിക്കയാണ്.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ദാവീദിന്റെ സിംഹാസനത്തിന്മേൽ ക്രിസ്തു വാഴുന്നു

D. തർമൻ

ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന ക്രിസ്തുവിനെ വളരെയധികം പറയുകയും എഴുതുകയും ചെയ്തിട്ടുണ്ട്. രാജകീയ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ഒരു രാജാവിനേക്കാൾ പ്രാധാന്യം ആ വിഷയത്തിൽ അടങ്ങിയിട്ടുണ്ട് എന്ന സത്യാവസ്ഥ ചുരുക്കം ചിലരേ തിരിച്ചറിയുന്നുള്ളു. അതൊരു പരമാധികാരത്തേയും ഉന്നത വാഴ്ചയേയും എടുത്തു കാണിക്കുന്ന അടയാളമാണ്. പക്ഷെ വസ്തുത പഠിക്കുന്നതു വളരെ വിലമതിക്കുന്നതാണ്. ശലോമോൻ ഇരുന്ന സിംഹാസനത്തിന്റെ പ്രൗഢി നോക്കിയാൽ പന്ത്രണ്ടു സ്വർണ്ണ സിംഹങ്ങളും ആഭരണങ്ങളും ആനക്കൊമ്പുകൾ കൊണ്ടുള്ള ആറു ചവിട്ടുപടികളും ഉണ്ടായിരുന്നു. ഈ ആഭരണങ്ങൾ ഓരോ പടിയുടേയും രണ്ടു വശങ്ങളിലും അലങ്കരിച്ചിരുന്നു. ''രാജാവ് ദന്തം കൊണ്ടു ഒരു വലിയ സിംഹാസനം ഉണ്ടാക്കി തങ്കം കൊണ്ടു പൊതിഞ്ഞു. സിംഹാസനത്തിനു ആറു പതനം ഉണ്ടായിരുന്നു. സിംഹാസനത്തിന്റെ തല പുറകോട്ടു വളഞ്ഞിരുന്നു. ഇരിപ്പിടത്തിന്റെ ഇരുവശത്തും കൈത്താങ്ങലും കൈത്താങ്ങലിനരികെ നില്ക്കുന്ന രണ്ടു സിംഹവും ഉണ്ടായിരുന്നു. ആറു പതനത്തിൽ ഇപ്പുറത്തും അപ്പുറത്തുമായി പന്ത്രണ്ടു സിംഹം നിന്നിരുന്നു. ഒരു രാജ്യത്തും ഇങ്ങനെ ഉണ്ടാക്കിയിരുന്നില്ല (1രാജാക്കന്മാർ 10: 18-20). സിംഹാസനം പരമോന്നത ഭരണത്തെ സൂചിപ്പിക്കുന്നു. സാമ്രാജ്യ ശക്തിയും സ്വാധീനവും ഇതിൽ അടങ്ങിയിരിക്കുന്നു. ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന ക്രിസ്തുവിന്റെ ശ്രേഷ്ഠത എത്ര വലുതാണെന്നു ചിന്തിക്കാം.

# സർവ്വശക്തനായ ദൈവത്തിന്റെ സിംഹാസനം

യഹോവയായ ദൈവം നിത്യമായ ഒരു രാജ്യത്തെ വാഴുന്നു. അതിന്റെ പകിട്ടും ശക്തിയും അനിശ്ചിതമാണ്. ഒരാൾക്കു നേടാവുന്നതിൽ വെച്ച് ഏററവും ഗാംഭീര്യം നിറഞ്ഞ ഭരണമാണത്. ''യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം'' ? എന്റെ വിശ്രമസ്ഥലവും ഏത് (യെശയ്യാവ് 66:1). ദൈവാലയ പ്രതിഷ്ഠ കഴിഞ്ഞ ശേഷം ശലോമോൻ പറയുകയുണ്ടായി; ''എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലൊ; പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നതെങ്ങനെ'' ? (1രാജാക്കന്മാർ 8:27). സങ്കീർത്തനക്കാരൻ പ്രഖ്യാപിച്ചിരിക്കുന്നത്: ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു. നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോൽ ആകുന്നു; ദൈവം ജാതികളെ ഭരിക്കുന്നു; ദൈവം സർവ്വ ഭൂമിക്കും രാജാവാകുന്നു; ദൈവം തന്റെ വിശുദ്ധ സിംഹാസനത്തിൽ ഇരിക്കുന്നു (സങ്കീർത്തനം 45:6; 47: 7-8). തന്റെ ശക്തിയേറിയ സിംഹാസനത്തെ തിരിച്ചറിയിക്കുന്നുണ്ട് കർത്താവ്. ''സ്വർഗ്ഗത്തെച്ചൊല്ലി സത്യം ചെയ്യുന്നവൻ ദൈവത്തിന്റെ സിംഹാസനത്തേയും അതിൽ ഇരിക്കുന്നവനേയും ചൊല്ലി സത്യം ചെയ്യുന്നു'' (മത്തായി 23:22). കർത്താവ് അരുളിച്ചെയ്തിരിക്കുന്നതു: ഞാനോ നിങ്ങളോടു പറയുന്നതു: അശേഷം സത്യം ചെയ്യരുത്. സ്വർഗ്ഗത്തെക്കൊണ്ടരുത്: അതു ദൈവത്തിന്റെ സിംഹാസനം; ഭൂമിയെക്കൊണ്ട് അരുത്; അതു അവന്റെ പാദപീഠം (മത്തായി 5: 34-35). ആകയാൽ നമ്മുടെ കണ്ണുകൾ സ്വർഗ്ഗത്തിലേക്കു ഉയർത്തിയാൽ അവിടെ വെട്ടിത്തിളങ്ങുന്ന ദൈവത്തിന്റെ സിംഹാസനം ദർശിക്കാം.

## പഴയനിയമത്തിൽ ദാവീദിന്റെ സിംഹാസനം ചിത്രീകരിച്ചിരിക്കുന്നു

ശൗൽ രാജാവ് ദൈവത്തിൽ നിന്ന് അകന്ന് ദൈവത്തോടു മറുതലിച്ചു പ്രവർത്തിച്ചതിനാൽ ദൈവം ശൗലിനെ രാജസ്ഥാനത്തു നിന്നു നീക്കി ദാവീദിനെ സിംഹാസനത്തിൽ ഇരുത്തുമെന്നു ദാവീദിനോടു സത്യം ചെയ്തിരുന്നു. ആ ഭാഗം നമുക്കു പരിശോധിക്കാം: "ശൗലിന്റെ ഗൃഹത്തിൽ നിന്നു രാജത്വം മാററുകയും ദാവീദിന്റെ സിംഹാസനം ദാൻ മുതൽ ബേർ-ശേബ വരെ യിസ്രായേലിലും യെഹൂദയിലും സ്ഥാപിക്കയും ചെയ്‌വാൻ തക്കവണ്ണം യഹോവ ദാവീദിനോടു സത്യം ചെയ്തതുപോലെ ഞാൻ അവനു സാധിപ്പിച്ചു കൊടുക്കാതിരുന്നാൽ ദൈവം അബ്നേരിനോടു തക്കവണ്ണവും അധികവും ചെയ്യട്ടെ" (2ശമുവേൽ 3: 9-10). നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ സിംഹാസനവും എന്നേക്കും ഉറച്ചിരിക്കും എന്ന് അതേ വാഗ്ദാനം വീണ്ടും ഉറപ്പിക്കുന്നുണ്ട്. ദാവീദ് തന്റെ ഭൗമിക ജീവിത വേർപാടിനു മുൻപ് ദൈവത്തിന്റെ ഈ വാഗ്ദാനം മനസിലാക്കിയതു കൊണ്ട് ശലോമോനോടു ഇപ്രകാരം പറയുകയുണ്ടായി: "ദാവീദിനു മരണകാലം അടുത്തു വന്നപ്പോൾ അവൻ തന്റെ മകനായ ശലോമോനോടു കല്പിച്ചത് എന്തെന്നാൽ ഞാൻ സകല ഭൂവാസികളുടേയും വഴിയായി പോകുന്നു.' നീ ധൈര്യം പൂണ്ടു പുരുഷനായിരിക്ക. നീ എന്തു ചെയ്താലും എവിടേക്കു തിരിഞ്ഞാലും സകലത്തിലും നീ കൃതാർത്ഥനാകേണ്ടതിനു നിന്റെ മക്കൾ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ എന്റെ മുമ്പാകെ സത്യമായി നടന്നു തങ്ങളുടെ വഴി സൂക്ഷിച്ചാൽ യിസ്രായേലിന്റെ രാജാസനത്തിൽ ഇരിപ്പാൻ ഒരു പുരുഷൻ നിനക്കു ഇല്ലാതെ പോകയില്ല എന്നു യഹോവ എന്നോടു അരുളിച്ചെയ്ത വചനം താൻ ഉറപ്പിക്കേണ്ടതിന്നു അവന്റെ ചട്ടങ്ങളും കല്പനകളും അനുസരിച്ചു നടന്നുകൊൾക" (1രാജാക്കന്മാർ 2: 1-4).

## ദാവീദിന്റെ സിംഹാസന പ്രഭാവം

ഈ സിംഹാസനത്തെ പ്രവചന ഭാഗങ്ങളിൽ വളരെ വിശദമായി വിവരിച്ചിട്ടുണ്ട്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളും നിറഞ്ഞ രാജ്യം എങ്ങനെ ആയി തീരും എന്നും വ്യക്തമാക്കപ്പെട്ടിരുന്നു. "എന്റെ വൃതനോടു ഞാൻ ഒരു നിയമവും എന്റെ ദാസനായ ദാവീദിനോടു സത്യവും ചെയ്തിരിക്കുന്നു. നിന്റെ സന്തതിയെ ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും. നിന്റെ സിംഹാസനത്തെ തലമുറ തലമുറയോളം ഉറപ്പിക്കും" (സങ്കീർത്തനം 89: 3-4). ഈ പ്രവചനത്തെ സ്ഥിരീകരിക്കുന്ന മറ്റൊരു പ്രവചനവും തിരുവചനത്തിൽ ഉണ്ട്. "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവനു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർദ്ധനക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നു മുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും: സൈന്യങ്ങളുടെ യഹോവയുടെ തീഷ്ണത അതിനെ നിവർത്തിക്കും (യെശയ്യാവ് 9: 6-7).

## വാഴുവാൻ ദാവീദിന്റെ ഒരു പിൻഗാമി

ദാവീദ് ജനിക്കുന്നതിനു വളരെ വർഷങ്ങൾക്കു മുൻപുതന്നെ ദാവീദിന്റെ സിംഹാസനത്തിൽ ഒരാൾ വാഴുന്നതിനെക്കുറിച്ച് പ്രവചിച്ചിരുന്നു. "അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽ നിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപോകയില്ല; ജാതികളുടെ അനുസരണം അവനോടു ആകും." (ഉല്പത്തി 49:10).

★

(ശേഷം അടുത്ത ലക്കത്തിൽ)

# ക്രിസ്തുവിന്റെ സഭ എന്നാൽ എന്ത് ?

**P. K. വർഗീസ്**

ക്രിസ്തുവിന്റെ സഭ എന്നു കേട്ടിട്ടില്ലാത്തവരും അതെന്താണെന്ന് അറിയാത്തവരും ധാരാളമുണ്ട്. കർത്താവിന്റെ സഭയെ ഒരു നാമധേയ വിഭാഗമായി കരുതുന്നവരുമുണ്ട്. ഇങ്ങനെയുള്ള അജ്ഞതയും തെററിദ്ധാരണയും നീക്കം ചെയ്യേണ്ടതു അനിവാര്യമാണ്. തിരുവെഴുത്തിൽ യഥാർത്ഥ സഭയെ തിരിച്ചറിയാവുന്ന അടയാളങ്ങൾ നിരവധി ഉണ്ട്. സഭയെ സംബന്ധിച്ച സത്യ വിവരണങ്ങൾ സൂക്ഷ്മമായി പരിശോധിക്കുക.

ആദ്യമായി സഭയുടെ നിർമ്മാതാവ് ക്രിസ്തുവാണ് (മത്തായി 16:18). ക്രിസ്തു മൂലക്കല്ലായി ക്രിസ്തുവിനാൽ നിർമ്മിക്കപ്പെട്ട ഒരു സ്ഥാപനമാണ് സഭ അല്ലെങ്കിൽ സുവിശേഷത്താൽ വിളിച്ചു വേർതിരിക്കപ്പെടുന്നവരുടെ കൂട്ടം. സഭ എന്നു പറഞ്ഞാൽ കെട്ടിടമല്ല. ലോകത്തിൽ നിന്നു ദൈവത്താൽ വേർതിരിക്കപ്പെടുന്നവരുടെ സംഘത്തെയാണ് ആ വാക്കു കൊണ്ട് സൂചിപ്പിക്കുന്നത്.

## തിരിച്ചറിയാവുന്ന തെളിവുകൾ

1. ''ഈ പാറമേൽ (ക്രിസ്തു) ഞാൻ എന്റെ സഭയെ പണിയും.'' (മത്തായി 16:18).

2. ആരംഭം യെരുശലേമിൽ (യെശയ്യാവ് 2:3; യോവേൽ 2:28; സെഖര്യാവ് 1:16; ലൂക്കൊസ് 24:46) ഇവ നിറവേറുകയുണ്ടായി (യോഹന്നാൻ 16:7; പ്രവൃത്തി 1:9; പ്രവൃത്തി 2:1-4).

3. യേശു ഉയിർത്തെഴുന്നേററ ശേഷം ആദ്യത്തെ പെന്തെക്കൊസ്തു നാളിൽ സഭ നിലവിൽ വന്നു. പ്രവചനവും നിവർത്തീകരണവും (ദാനിയേൽ 2:2; 44; മത്തായി 3:1; മർക്കൊസ് 4:1; മത്തായി 18:3; പ്രവൃത്തി 4:4; പ്രവൃത്തി 6:1; 12:24; കൊലൊസ്സ്യർ 1:13).

4. ബൈബിൾ മാത്രമാണ് സഭയുടെ ഏക പ്രമാണം (2തിമൊഥെയോസ് 3:16).

5. വചനത്തിൽ നിന്നും യാതൊന്നും എടുത്തുകളയുകയോ വചനത്തോടു കൂട്ടുകയോ ചെയ്യരുത് എന്നു നമ്മെ മുന്നറിയിച്ചിട്ടുണ്ട് (ഗലാത്യർ 1: 6-9; വെളിപ്പാട് 22:18).

6. ബൈബിൾ ദൈവശ്വാസീയമായ എഴുത്തുകളാണ് (2പത്രൊസ് 1:21). മനുഷ്യരുടെ ഇഷ്ടമനുസരിച്ച് വ്യാഖ്യാനിക്കാവുന്നതല്ല.

7. മനുഷ്യന്റെ ആരംഭം, ഉദ്ദേശം ലക്ഷ്യസ്ഥാനം എന്നിവ തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു.

8. സുവിശേഷമെന്ന രക്ഷാ പദ്ധതി നമുക്ക് വെളിപ്പെടുത്തിതരുന്നതു ബൈബിൾ ആകുന്നു.

9. ബൈബിൾ ആണ് അവസാനം വിധിക്കുന്ന മാനദണ്ഡം.

10. വചനാനുസരണം സംഘടിപ്പിക്കപ്പെടേണ്ടതാണ് ക്രിസ്തുവിന്റെ സഭ.

മൂപ്പന്മാർ നിശ്ചിത യോഗ്യതകൾ ഉള്ളവരായിരിക്കണം. (1തിമൊഥെയോസ് 3: 1-7; തീത്തൊസ് 1:5,6).

ശുശ്രൂഷകന്മാരും യോഗ്യതകളു ഉള്ളവരായിരിക്കണം (1തിമൊഥെയോസ് 3: 8-13; തീത്തൊസ് 1: 7-16).

## സഭയെ സംബന്ധിച്ച മററു വസ്തുതകൾ

1. ക്രിസ്തു ഏക സഭയാണ് പണിതത്.

എന്റെ സഭ (മത്തായി 16:18). ഏക ശരീരം (എഫെ. 4:4; 1കൊരി. 12:20; എഫെ. 1:22; യോഹ. 10:16).

2. മനുഷ്യൻ വിശ്വാസത്താലും അനുസരണത്താലും രക്ഷ പ്രാപിക്കുന്നു (യാക്കോബ് 2:22).

വിശ്വാസം മാത്രം മതി എന്നതു നിഷ്പ്രയോജനമാണ് (യാക്കോബ് 2:17, 18; യോഹ. 12:42).

വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കാവുന്നതല്ല (എബ്രായർ 11:6).

മാനസാന്തരം കൂടാതെ നാശം ഒഴിവാക്കാവുന്നതല്ല (ലൂക്കൊസ് 13:3).

യേശു ദൈവ പുത്രനാണെന്നു ഏററു പറയാതെ രക്ഷയില്ല (മത്തായി 10:32, 33; റോമർ 10:10).

വെള്ളത്തിൽ മുങ്ങൽ സ്നാനം ഒഴിച്ചു നിർത്താനാവില്ല.

അടക്കമാണ് സ്നാനം (കൊലൊസ്യർ 2: 11-12). പാപമോചനത്തിനായി പാപ സംബന്ധമായ മനുഷ്യൻ മരിച്ച ശേഷം (പാപത്തെ പൂർണ്ണമായി ഉപേക്ഷിച്ച ശേഷം) ആയിരിക്കണം ഒരാൾ യഥാർത്ഥ സ്നാനം ഏല്ക്കേണ്ടത്. ശിശുക്കളിൽ പാപമില്ലാത്തതിനാൽ അവരെ സ്നാനപ്പെടുത്തേണ്ട ആവശ്യമില്ല. വചനപ്രകാരമുള്ള സ്നാനം ഏററി

ല്ലെങ്കിൽ പാപമോചനമോ പരിശുദ്ധാത്മാവോ ലഭിക്കുന്നതല്ല. ദൈവരാജ്യത്തിൽ അഥവാ കർത്താവിന്റെ സഭയിൽ പ്രവേശിക്കാനും കഴിയാതെ വരും. (പ്രവൃത്തി 2:38; യോഹന്നാൻ 3:3-5).

രക്ഷ സൗജന്യമാണ്, കൃപയാലാണ് അതു ലഭിക്കുന്നത്. പ്രവൃത്തികൾ ഒന്നും കാരണമല്ല അതുകൊണ്ട് സ്നാനം രക്ഷക്കു ആവശ്യമില്ല എന്നു പറയുന്ന വാദഗതിക്ക് അടിസ്ഥാനമില്ല. കാരണം കർത്താവാണ് ഈ കല്പന നല്കിയിരിക്കുന്നത് (മർക്കൊസ് 16:16).

ഇങ്ങനെ രക്ഷിക്കപ്പെടുന്നവരെയാണ് കർത്താവ് തന്റെ സഭയോട് ചേർക്കുന്നത് (പ്രവൃത്തി 2:47). അവർ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നു (യോഹന്നാൻ 4:24). കർത്താവിന്റെ സഭയിലുള്ളവർക്കു മനുഷ്യ നിർമ്മിതമായ സഭയിലുള്ളവരുടെ ആത്മിക കാര്യങ്ങളിൽ പങ്കെടുക്കാവുന്നതല്ല (2തെസലോനിക്യർ2:6) എന്നാൽ എല്ലാവരേയും സ്നേഹിക്കുകയും എല്ലാവരോടും ദൈവിക സന്ദേശം അറിയിക്കുകയും ചെയ്യണം.

രക്ഷിക്കപ്പെട്ട് സ്നാനം ഏല്ക്കുക, സ്നാനപ്പെട്ട ശേഷം ഏതെങ്കിലും നാമധേയ വിഭാഗത്തിൽ ചേർന്നു പോകുക എന്നതെല്ലാം തെററായ പ്രവണതയാണ്. സ്നാനം രക്ഷക്കുവേണ്ടിയാണ് എന്നാണ് ദൈവേഷ്ടം വെളിപ്പെടുത്തിയിരിക്കുന്നതു. ക്രിസ്തുവിന്റെ കല്പനയനുസരിക്കുന്നവർ അവന്റെ ശരീരത്തോട് പററിച്ചേരും. അല്ലാത്തവർക്കു ദൈവമില്ല (2 യോഹന്നാൻ 9-10). പുതിയ നിയമത്തിൽ കർത്താവ് അരുളിച്ചെയ്ത പ്രമാണങ്ങൾ അനുസരിച്ച് മരണ പര്യന്തം വിശ്വസ്ഥ ജീവിതം നയിച്ചാൽ കർത്താവിന്റെ രണ്ടാം വരവിൽ തന്റെ സഭയെ ചേർത്തുകൊള്ളുമ്പോൾ നിങ്ങൾക്കും അതിൽ പ്രവേശിക്കാം (മത്തായി 25:46).

★

# പുരുഷൻ സഭയിൽ

ജെ. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പിതാവായ യാക്കോബിൽ നിന്നും വ്യത്യസ്ത രീതിയിലാണ് യോസേഫ് പ്രവർത്തിച്ചത്. അവന്റെ അന്ത്യകാലത്തു യിസ്രായേൽ മക്കളോടു ആവശ്യപ്പെട്ടതു ഇപ്രകാരമായിരുന്നു. ദൈവം നിങ്ങളെ സന്ദർശിച്ചു വാഗ്ദാനം ചെയ്ത ദേശത്തേയ്ക്കു കൊണ്ടു പോകുമ്പോൾ എന്റെ അസ്ഥികളെ ഇവിടെ നിന്നും കൊണ്ടു പോകണം. പിതാക്കന്മാരെ അടക്കം ചെയ്ത ഗുഹയിൽ കൊണ്ടു ചെന്നു അടക്കം ചെയ്യണമെന്ന് അവൻ ആവശ്യപ്പെട്ടില്ല. യിസ്രായേൽ ജനം പോകുന്ന സ്ഥലത്തേയ്ക്കു് അവന്റെ അസ്ഥികളെ കൂട്ടിക്കൊണ്ടു പോകണമെന്നേ ആവശ്യപ്പെട്ടുള്ളു. അവൻ ഇസ്രായേൽ സമൂഹത്തെ വലുതായി കണ്ടു. യാക്കോബ് പിതാക്കന്മാരെ വലുതായി കണ്ടു. ഒരു തരത്തിൽ യോസേഫ് നിസ്വാർത്ഥനായിരുന്നു (ഉല്പ. 50:25).

ദൈവ ആജ്ഞ പൂർണ്ണമായി അനുസരിച്ച് ദൈവ ജനത്തെ ദൈവ വഴികളിലൂടെ നടത്തി വിജയം വരിച്ച പുരുഷന്മാർ ഉണ്ടെന്നു നോഹയും മോശയും തെളിയിച്ചിരിക്കുന്നു. നോഹയുടെ കാലത്തു മനുഷ്യർ ദൈവത്തിൽ നിന്നും അകന്നു ജീവിച്ചു. താൻ സൃഷ്ടിച്ച സകലതിനെയും നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു. ദൈവ തീരുമാനം മനുഷ്യരെ അറിയിക്കുവാൻ നീതിമാനായ നോഹയെ ദൈവം തിരഞ്ഞെടുത്തു. അവൻ അതു മനുഷ്യരെ അറിയിച്ചു. ദൈവ ശിക്ഷയിൽ നിന്നും രക്ഷപ്പെടുവാൻ, പശ്ചാത്തപിക്കണമെന്നും ആവശ്യപ്പെട്ടു. എന്നാൽ ജനം അവനെ തള്ളി കളഞ്ഞു. ദൈവത്തെ അനുസരിക്കാതിരുന്ന

സകല സൃഷ്ടികളെയും നശിപ്പിച്ചു. എന്നാൽ നോഹയേയും കുടുംബത്തെയും അവനോടു കൂടെ പെട്ടകത്തിൽ ഉണ്ടായിരുന്ന സകല സൃഷ്ടികളെയും ദൈവം രക്ഷിച്ചു. കാരണം നോഹയും കുടുംബവും ദൈവ ആജ്ഞ പൂർണ്ണമായി അനുസരിച്ചു. അവർ രക്ഷപ്പെട്ടുവെന്നു മാത്രമല്ല, ദൈവത്താൽ അനേകം അനുഗ്രഹങ്ങൾ നേടുകയും ചെയ്തു (ഉല്പ; 6 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങൾ).

മിസ്രയീം ജനത്തിന്റെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത്തെ മോശ ദൈവ ആജ്ഞ പ്രകാരം മിസ്രയിം രാജ്യത്തുനിന്നും കനാൻ ദേശത്തേയ്ക്കു നയിച്ചു. പല പ്രയാസങ്ങളും കഷ്ടതകളും അവർക്കു നേരിട്ടു. കാരണം അവർ പലപ്പോഴും ദൈവത്തിനു എതിരെ പ്രവർത്തിച്ചു. അവരുടെ തെററുകൾക്കുവേണ്ടി മോശ ദൈവത്തോടു ക്ഷമ യാചിച്ചു. ദൈവം അവരുടെ തെററുകളെ ക്ഷമിച്ചുകൊണ്ട് വാഗ്ദത്തം ചെയ്ത കനാൻ ദേശത്തേയ്ക്കു അവരെ നയിച്ചു. എന്നാൽ ഇസ്രായേൽ ജനത്തെ നയിച്ച മോശയ്ക്കും അഹരോനും കനാൻ ദേശത്തേയ്ക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല. മോശയ്ക്കു ആ സ്ഥലം എത്തിനോക്കുവാൻ മാത്രമേ കഴിഞ്ഞുള്ളു. എന്നാൽ യോശുവയും കൂട്ടരും അതിലേയ്ക്കു കടന്നു (പുറപ്പാട്, ലേവ്യാ പുസ്തകം, ആവർത്തന പുസ്തകം). മോശയും അഹരോനും പൂർണ്ണമായി ദൈവത്തെ അനുസരിച്ചില്ലായിരുന്നു. അതുകൊണ്ടു മാത്രമാണ് അവർക്കു കടക്കാൻ കഴിയാത്തത്.

ദൈവം നേരിട്ടു സംസാരിച്ചിട്ടുള്ളത് പുരുഷന്മാരോടു മാത്രമാണ്. സ്ത്രീയോടു സംസാരിച്ചിരുന്നുവെങ്കിൽ പുരുഷന്റെ സാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നു. ഏദെൻ തോട്ടത്തിൽ വച്ച് ദൈവത്തിനു എതിരെ അവർ ആദ്യം തെററു ചെയ്തു. ദൈവം ഹവ്വായോടു സംസാരിച്ചു. തദവസരത്തിൽ ആദം ഹവ്വയുടെ സമീപം ഉണ്ടാ

യിരുന്നു (ഉല്പ. 3: 9-13). സന്തതികൾ ഇല്ലാതെ വാർദ്ധക്യത്തിൽ എത്തിയ സാറാ പ്രസവിക്കുമെന്നു ദൈവം അവളെ നേരിട്ടു അറിയിച്ചു. അപ്പോൾ അവളുടെ ഭർത്താവ് അടുത്തു ഉണ്ടായിരുന്നു (ഉല്പ: 18: 13-15). സ്ത്രീയുടെ സാന്നിദ്ധ്യം ഇല്ലാതെ പല പുരുഷന്മാരോടും ദൈവം നേരിട്ടു സംസാരിച്ചിട്ടുണ്ട്.

ദൈവം മനുഷ്യനായി അവതരിക്കുവാൻ സ്വീകരിച്ച രൂപം സ്ത്രീയുടേതല്ലായിരുന്നു. പുരുഷന്റേതായിരുന്നു. സ്ത്രീയുടെ ഗർഭപാത്രം അതിനായി സ്വീകരിച്ചുവെന്നുമാത്രം (മത്താ: 1:21). യേശുവിനെ ഒറ്റിക്കൊടുത്തത്, തള്ളി പറഞ്ഞത്, കുരിശു ചുമപ്പിച്ചത്, കുരിശിൽ തറപ്പിച്ചത് എല്ലാം പുരുഷന്മാർ തന്നെ ആയിരുന്നു. ഇതിനു പിന്നിൽ സ്ത്രീകൾ പ്രവർത്തിച്ചിരുന്നതായി ചില ഭാഗങ്ങളിൽ നമുക്കു കാണുവാൻ കഴിയും. യേശുവിന്റെ അപ്പോസ്തലന്മാർ പന്ത്രണ്ടു പേരും പുരുഷന്മാർ മാത്രം ആയിരുന്നു (മത്താ: 26: 47-75; 27: 1-66).

ലോകത്തിൽ ഇത്രത്തോളം പ്രാധാന്യം ആർഹിക്കുന്ന പുരുഷന്മാർക്കു ചില കടമകളും ദൈവം നൽകിയിരിക്കുന്നു. അവയിൽ ചിലതു ഞാൻ പ്രസ്താവിക്കുന്നു. അവന്റെ ഒന്നാമത്തെ കടമ അവൻ ഈ ലോകത്തിൽ വേല ചെയ്യണം. മാത്രമല്ല, ലോകത്തെ കാത്തു കൊള്ളുകയും വേണം (ഉല്പ: 2:15). ഇന്നു മനുഷ്യൻ വേല ചെയ്യുന്നുണ്ട്. പക്ഷെ പാഴ്‌വേല. അവൻ ലോകത്തെ കാത്തു കൊള്ളുന്നില്ല. ലോകത്തിൽ കാണുന്ന വൻ വൃക്ഷങ്ങളെ അവൻ വെട്ടി വീഴ്ത്തുന്നു. കൂടുതൽ ആദായം ലഭിപ്പാൻ വിഷം കലർത്ത കീടനാശിനികളും രാസവളങ്ങളും പ്രയോഗിച്ച് ലോകത്തിന്റെ സന്തുലിതാവസ്ഥയെപ്പോലും തകിടം മറിക്കുന്നു. അതുമൂലം കാലാവസ്ഥയിൽ മാററം സംഭവിക്കുന്നു. ഭൂമിയിലെ ചൂട് കാലം കഴിയുംതോറും ഏറി വരുന്നു. കുറെ കാലം കൂടി കഴിഞ്ഞാൽ ചൂടിന്റെ

ആധിക്യം നിമിത്തം മനുഷ്യൻ ഉൾപ്പെടെയുള്ള ജീവജാല ങ്ങൾക്കു ഈ ലോകത്തിൽ ജീവിക്കുവാൻ കഴിയുമോ എന്ന് ശാസ്ത്രജ്ഞന്മാർ ഇന്നേ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു.

അവൻ ഭാര്യയോടു പററിച്ചേരണം. (ഉല്പ: 2:24). അപ്പനേയും അമ്മയേയും വിട്ട് അവളോടു പററിച്ചേരണം. അവർ ഒരു ദേഹമായി ജീവിക്കണം. അവരുടെ മനസ്സുകൾ ഒന്നായി തീർന്നാൽ മാത്രമേ അവർക്കു ഒരു ദേഹമായി തീരുവാൻ സാധിക്കുകയുള്ളു. അവൻ മററു സ്ത്രീകളോടു കൂടിയോ ഭാര്യമാരോടു കൂടിയോ പററിച്ചേരുവാൻ ദൈവം അവനെ അനുവദിച്ചിട്ടില്ല. ദൈവത്തിന്റെ ഈ നിയമത്തെ ലംഘിച്ചു കൊണ്ട് ജീവിക്കുന്ന പുരുഷന്മാർ തങ്ങളുടെ ജീവിതത്തിൽ അസന്തുഷ്ടരും അസമാധാനികളുമായി കാണപ്പെടും.

അവൻ ഭാര്യയെ തന്നെപ്പോലെ സ്നേഹിക്കണം (എഫെ: 5:25, 32). സ്വയം സ്നേഹിക്കുവാൻ അറിഞ്ഞു കൂടാത്ത ഒരു പുരുഷനും ഈ ലോകത്തിൽ കാണുകയില്ല. എന്നാൽ സ്വയം അറിഞ്ഞു തങ്ങളെ സ്നേഹിക്കുന്നുവെന്നു പറഞ്ഞു സ്വയം വെറുക്കുന്ന പുരുഷന്മാരും ഈ ലോകത്തിൽ കുറവല്ല. ശാന്തിക്കും മനഃസമാധാനത്തിനും വേണ്ടി മദ്യം വിഷമാണെന്ന് അറിഞ്ഞു കൊണ്ട്, അതിനെ സേവിച്ച് സ്വയം വെറുക്കുന്ന പുരുഷന്മാർ എത്ര എണ്ണം. അവർ വീടുകളിൽ ചെന്നാൽ അവരുടെ വായിലൂടെ പുറപ്പെടുന്ന ലഹരി വാക്കുകൾ കേട്ടും, അവരുടെ കൈയിലൂടെയും കാലിലൂടെയും നുരഞ്ഞു വമിക്കുന്ന മദ്യത്തിന്റെ ശക്തി പ്രകടനങ്ങൾ ഏററ് എത്ര ഭാര്യമാരാണ് തങ്ങളുടെ പുരുഷന്മാരുടെ സ്നേഹം ജീവിതത്തിൽ അനുഭവിച്ചു ക്ഷീണിതരായി പോകുന്നത്.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** —The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P M.
Fridays — 7.45 to 8.00 P.M.

**HINDI** —Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU** —The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL** —"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM** —The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA** —The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

# PHYSICAL SEPARATION

(1Corinthians 15:44)

My earthly father and bro. P. V. Kuriakose (82) died in the Lord on September 8th 1995. My Sincere thanks for all those who Visited, Prayed actively Participated in the funeral service and Condoled me and my family on this Occasion. Also forgive us for we were not able to inform all.

Editor & family

---

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

---

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To